**ശ്രദ്ധക്ഷണിക്കൽ**

**ത്രിതലപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം**

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് വയനാട്. ജില്ലയിലെ ഭൂരിഭാഗം റോഡുകളും ഗ്രാമീണ റോഡുകളാണ്. തനതുഫണ്ടിന്റെ കാര്യത്തിൽ ഏറെ പരാധീനതയുള്ള ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്ര പദ്ധതികൾ മറ്റേതു ജില്ലകളെക്കാൾ പ്രാധാന്യമുള്ളതാണ്. ജില്ലയിലെ പിന്നോക്കാവസ്ഥ പരിഗണിച്ച് നടപ്പിലാക്കുന്ന വി.ആർ.ജി.എഫ്. പദ്ധതിയുടെ 95 ശതമാനവും വിവിധ നിർമ്മാണപ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. കൂടാതെ രാജീവ്ഗാന്ധി ദേശീയ കുടിവെള്ള പദ്ധതി, എം.എൽ.എ/എം.പി. മാരുടെ പ്രാദേശിക വികസനനിധി, ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസിയുടെ പദ്ധതികൾ എന്നിവ നടപ്പിലാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയാണ്. എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഡിസംബർ 31-വരെയുള്ള കണക്കനുസരിച്ച് വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി വിഹിതം ഏതാണ്ട് 33.51 ശതമാനം മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഇതിനുള്ള പ്രധാനകാരണം ത്രിതല പഞ്ചായത്തുകളുടെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവാണ്. ജില്ലയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂ

ട്ടീവ് എഞ്ചിനീയർ, ഒന്നാം ഗ്രേഡ് ഓവർസിയർ, മൂന്നാം ഗ്രേഡ് ഓവർസിയർ എന്നീ തസ്തികകൾ ഭൂരിഭാഗവും ഒഴിഞ്ഞുകിടക്കുകയാണ്. ഇതിനുപുറമെയാണ് പുനർവിന്യാസംവഴി വന്ന ജീവനക്കാർ അവരവരുടെ വകുപ്പുകളിലേയ്ക്ക് തിരിച്ചുപോകുന്നത്. ഇതുമൂലം കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. 03-01-2014-ലെ കണക്കുപ്രകാരം ജില്ലയിലെ 25 പഞ്ചായത്തുകളിലെ ആനുവൽ പെർഫോർമൻസ് അസസ്മെന്റ് നടത്തിയതിൽ പതിനാല് ഗ്രാമപഞ്ചായത്തുകളിൽ വിജയിക്കാനാവശ്യമായ മാനദണ്ഡങ്ങൾ കൈവരിക്കാൻ സാധിച്ചില്ല. ഇതുകൊണ്ടുതന്നെ വേൾഡ് ബാങ്കിന്റെ ധനസഹായം ഈ പഞ്ചായത്തുകൾക്ക് ലഭ്യമായതുമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണത്തിൽ കൈവരിച്ച നേട്ടം പദ്ധതി നിർവ്വഹണത്തിലും കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനു വേണ്ടി സാധിക്കുന്നവിധത്തിലായിരിക്കണം. പിന്നോക്ക ജില്ലയായ വയനാടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരെ അടിയന്തരമായി നിയമിക്കേണ്ടതും കേന്ദ്ര-സംസ്ഥാന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതവുമായി നടപ്പിലാക്കാനാവശ്യമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, വയനാട് ജില്ലയിലെ പിന്നോക്കമേഖലാ ഗ്രാന്റ് ഫണ്ട് (Backward Regional Grant Fund) പദ്ധതിക്ക് 2013-14 വരെ വിഹിതമായി

ലഭിച്ച 4560 ലക്ഷം രൂപയിൽ 4064.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ലഭ്യമായ പദ്ധതിവിഹിതത്തിന്റെ 89 ശതമാനമാണ്. ജില്ലയുടെ വി.ആർ.ജി. എഫ്.ഫണ്ടിന്റെ 50 ശതമാനം ഗ്രാമപഞ്ചായത്ത്, പത്ത് ശതമാനം ബ്ലോക്ക് പഞ്ചായത്ത്, 39 ശതമാനം ജില്ലാ പഞ്ചായത്ത്, 1 ശതമാനം നഗര സഭകൾ എന്ന രീതിയിലാണ് തുക നീക്കിവച്ചിരിക്കുന്നത്. വയനാട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ വികസന ഫണ്ടിന്റെ 60.9 ശതമാനം ഇതിനോടകം ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ല യിലെ ഗ്രാമപഞ്ചായത്തുകളിൽ 241.45 കോടി രൂപയുടെ 6082 പ്രോജക്ടു കൾക്ക് അംഗീകാരം ലഭിച്ചിരുന്നു. നടപ്പുവർഷം ജനുവരി 31 വരെ ഗ്രാമ പഞ്ചായത്തുകൾ വികസന ഫണ്ടിൽനിന്നും 42.16 ശതമാനം ഫണ്ട് ചെലവഴി ച്ചിട്ടുണ്ട്. അതേസമയം 31-01-2013-വരെ വയനാട് ജില്ലയിലെ ഗ്രാമപഞ്ചായ ത്തുകളുടെ പദ്ധതി ചെലവ് 22.42 ശതമാനം മാത്രമായിരുന്നു. കഴിഞ്ഞ വർഷത്തെ പദ്ധതി നിർവ്വഹണവുമായി താരതമ്യം ചെയ്യുമ്പോൾ വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് ഈ സാമ്പത്തിക വർഷം വളരെയേറെ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. വയനാട് ജില്ല ഉൾപ്പെടെ എല്ലാ ജില്ലകളി ലേയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ യോഗം പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന് പ്രതിമാസ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ പഞ്ചായത്ത് ഡയറക്ടർ 07-11 -2013-ൽ വയനാട് ജില്ല സന്ദർശിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുകയും പദ്ധതി നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും

ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് മൂന്നുമാസത്തിലൊരിക്കൽ ബഹുമാനപ്പെട്ട വയനാട് എം.പി.യുടെ അദ്ധ്യക്ഷതയിൽ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗം നടത്തുകയും ജില്ലയിൽ നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളുടെയും നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നുമുണ്ട്. വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പിലെ സാങ്കേതിക ജീവനക്കാരുടെ വിശദവിവരം ഇപ്രകാരമാണ്.

1. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുവദിച്ചിട്ടുള്ള രണ്ട് തസ്തികകളിൽ നിലവിലുള്ളത് ഒന്നാണ്. ഒരു തസ്തിത ഒഴിവുണ്ട്.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുവദിച്ച തസ്തിക ആറാണെങ്കിലും നിലവിലുള്ളത് മൂന്നുപേരും മൂന്നുപേരുടെ ഒഴിവുമുണ്ട്.
3. അസിസ്റ്റന്റ് എഞ്ചിനീയറുടെ 27 തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ളവരുടെ എണ്ണം 24 എണ്ണവും 3 പേരുടെ ഒഴിവുമുണ്ട്.
4. ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയർ ഗ്രേഡ്–1 –ന്റെ 17 തസ്തിക അനുവദിച്ചിട്ടുള്ളതിൽ നിലവിലുള്ളവരുടെ എണ്ണം പത്തും, ഒഴിവുകളുടെ എണ്ണം ഏഴുമാണ്.
5. ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയർ ഗ്രേഡ് –2 –ന്റെ 16 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ളവരുടെ എണ്ണം 14–ഉം ഒഴിവുകളുടെ എണ്ണം രണ്ടുമാണ്.
6. ഓവർസിയർ ഗ്രേഡ്–3 –ന്റെ അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണം 33, നിലവിലുള്ള തസ്തികകൾ 19 എണ്ണം, ഒഴിവുകളുടെ എണ്ണം 14

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഗ്രേഡ്–3 ഓവർസിയർമാരായി പത്തുപേരെ ഇപ്പോൾ നിയമിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയറെ എത്രയും വേഗം നിയമിക്കുന്നതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർമാരുടെയും ഗ്രേഡ്–1 ഓവർസിയർമാരുടെയും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിലവിലുള്ള ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ പഞ്ചായത്തുകൾക്ക് സർക്കാർ ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്. ഗ്രേഡ്–1, ഗ്രേഡ്–3 ഓവർസിയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കാൻ ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകിയിട്ടുണ്ട്. ഏതായാലും വയനാട് ജില്ല പിന്നോക്കമാണെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഈ ജില്ലയുടെ കാര്യങ്ങൾ ഗൗരവമായി ഗവൺമെന്റ് കാണുകയും ഇതിന്റെ ഇവാല്യുവേഷന് പ്രത്യേകമായിട്ടുള്ള സംവിധാനം ഉണ്ടാക്കുന്നതാണെന്നും അറിയിക്കുകയാണ്.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: സർ, ഡി.ഡി.സി. മീറ്റിംഗിലെ കണക്കുകളാണ് ഇവിടെ ഉദ്ധരിച്ചത്. അവിടെയാണ് 31 ശതമാനം തുക മാത്രമേ ചെലവഴിച്ചുള്ളൂവെന്ന് പറഞ്ഞത്. ചില പദ്ധതികളുടെ പ്രവർത്തനം മുന്നോട്ടു പോയിട്ടുണ്ടെങ്കിലും ഓവർആൾ പെർഫോർമൻസ് നോക്കുമ്പോൾ വളരെ പിന്നോക്കമാണ്. ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യമേഖലയിൽ പദ്ധതിയിനത്തിലുള്ള 45 ശതമാനം വരെയും ജില്ലാ പഞ്ചായത്തുകൾക്ക് 50 ശതമാനം വരെയും ചെലവഴിക്കാവുന്നതാണ്. വയനാട് പോലുള്ള പിന്നോക്ക ജില്ലയ്ക്ക് ഇത് വളരെയേറെ ഗുണകരമാണ്. ആയതിനാൽ പദ്ധതി രൂപീകരണവേളയിൽ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിന് പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കുന്നതിനും പദ്ധതികൾ യഥാസമയം വിലയിരുത്തുന്നതിന് വാർഷിക പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

ഡോ. എം. കെ. മുനീർ: ബഹുമാനപ്പെട്ട അംഗം പറഞ്ഞതനുസരിച്ച് വാർഷികമായിട്ടല്ല, ഓരോ മൂന്നുമാസം കൂടുമ്പോഴും ഇക്കാര്യം ഇവാല്യുവേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കാം; വയനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കലണ്ടർ തയ്യാറാക്കി സ്പെഷ്യൽ മോണിറ്ററിംഗിനുള്ള സംവിധാനവും ഉണ്ടാക്കുന്നതാണ്.

**ജലസേചന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെയും അക്വഡക്ടുകൾ പുനർ നിർമ്മിക്കേണ്ടതിന്റെയും ആവശ്യകത**

ശ്രീ. സി. കെ. നാണു: സർ, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി വടകര നിയോജക മണ്ഡലത്തിലെ ചോറോട്, അഴിയൂർ, ഒഞ്ചിയം എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ചോറോട് - അഴിയൂർ ബ്രാഞ്ച് കനാൽ ചോറോട് അതിർത്തിയായ മണിയാരത്ത് അക്വഡക്ട് തകരാറിലായതിനാൽ കഴിഞ്ഞ മൂന്നുനാല് വർഷത്തോളമായി വെള്ളം അപൂർവ്വമായി മാത്രമേ നൽകാൻ സാധിക്കുന്നുള്ളൂ. ഏറ്റവും പ്രധാനമായത് ഈ അഞ്ചാറ് വർഷമായി അക്വഡക്ടുകൾ തകർന്നിരിക്കുകയാണ്. ഡിപ്പാർട്ട്മെന്റ് തന്നെ ബോർഡ് എഴുതിവെച്ചിരിക്കുകയാണ് ഈ അക്വഡക്ടുകൾ അപകടമാണ് ഇതിലെ സഞ്ചരിക്കാൻ പാടില്ലായെന്ന്. പക്ഷെ വീട്ടുകാർക്ക് പോകാൻ വേറെ മാർഗ്ഗമില്ല, കുട്ടികൾക്ക് സ്കൂളിൽ പോകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട് ജില്ലയിലെ എല്ലാ എം.എൽ.എ. മാരെയും ഉദ്യോഗസ്ഥന്മാരെയും വളി

ച്ചുചേർത്ത യോഗത്തിൽ വച്ച് എട്ട് കോടി രൂപ പ്രഖ്യാപിച്ചു. ഒരു കാര്യവും അവർ നടത്തിയില്ല. ഒരു വർഷത്തിന് ശേഷം ഈ നിയമസഭയിൽ ഞാൻ സബ്മിഷൻ കൊണ്ടുവന്നു. ആ സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി ആറ് കോടി രൂപ പ്രവർത്തി ആരംഭിക്കുന്നതിനുവേണ്ടി അനുവദിച്ചു. അതും നടന്നില്ല. ഇപ്പോൾ വളരെ അപകടമുള്ള സ്ഥലമാണ് അതെന്ന് രാഷ്ട്രീയക്കാർക്കുൾപ്പെടെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പുതിയ പ്രോജക്ടുകൾ വരുന്നുണ്ടെന്ന് പറയുന്നതിന് മുമ്പായി ഈ അക്വഡ ക്ടുകൾ വീണ് വലിയ അപകടമുണ്ടാകാതിരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി യുദ്ധകാലാടിസ്ഥാനത്തിൽ എന്തെങ്കിലും ചെയ്യേണ്ടതാണ്. താലൂക്ക് സഭ ചേരുമ്പോൾ അവിടുത്തെ ഉദ്യോഗസ്ഥന്മാരോടും ഞാനിത് പറയാറുണ്ട്. പക്ഷെ ഒന്നും നടക്കുന്നില്ല. ബഹുമാനപ്പെട്ട ജില്ലാ കളക്ടർ കഴിഞ്ഞ പ്രാവശ്യം കോഴിക്കോട് ജില്ലാ വികസന സമിതി പ്രത്യേകമായി വിളിച്ചു ചേർക്കുകയുണ്ടായി. ഫണ്ടിന്റെ കാര്യത്തെക്കുറിച്ച് പറയാമെന്നല്ലാതെ ഒന്നും നടക്കുന്നില്ല. നാട്ടിൽ നടക്കണ്ടെ? മുകളിലുള്ള അക്വഡക്ട് പൊട്ടി വീണാലുള്ള ഒരവസ്ഥ ഒന്നാലോചിക്കുക. എം.എൽ.എ. എന്ന നിലയ്ക്ക് എന്നെയും നമ്മളെയെല്ലാവരെയും ബാധിക്കുന്ന ഒന്നാണത്. ഉത്തരവാദിത്വം ആർക്കെന്നല്ല, ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഈ മാസം തന്നെ അതിന് നടപടികൾ സ്വീകരിക്കാൻ ഏർപ്പാട് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥി ക്കുകയാണ്. അതുപോലെ കോഴിക്കോട് ജില്ലയിൽ പത്തിരുപത്തഞ്ച് വർഷ ത്തിലേറെയായി ആരംഭിച്ചതാണ് ഒഞ്ചിയം – ചോറോട് കുടിവെള്ള പദ്ധതി. പക്ഷെ ആ കുടിവെള്ള പദ്ധതിയിൽ 25% പോലും വെള്ളം ലഭിക്കുന്നില്ലായെ ന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. പൈപ്പിന്റെ തകരാറും പൈപ്പ് പൊട്ടിയ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. ഓരോ

ഘട്ടങ്ങളിലും പൈപ്പ് പൊട്ടിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ആവശ്യമായ നടപടിയുണ്ടാകണം. അതുപോലെ വടകര മുനിസിപ്പാലിറ്റിയിൽ യൂഡിസ്മാറ്റ് ആരംഭിച്ചതിനുശേഷം സാമാന്യം നല്ല നിലയിൽ കുടിവെള്ള വിതരണം നടക്കുന്നുണ്ട്. വലിയ ആക്ഷേപമില്ല. ഈ ജനുവരി മാസത്തിന്റെ അവസാനനം ഉപ്പ് കയറി. അക്കാര്യം കളക്ടറോട് പറഞ്ഞപ്പോൾ ഒരു ഷട്ടർ ഉയർത്തിയതിന്റെ ഫലമായി അതിന് താൽക്കാലിക ശമനമുണ്ടായി. പിന്നെയും ഉപ്പ് കയറിയപ്പോൾ കളക്ടറോട് പറഞ്ഞ് പിന്നെയും ഷട്ടർ കുറച്ച് ഉയർത്തി. ഞാൻ ഉദ്യോഗസ്ഥന്മാരോടെല്ലാം അന്വേഷിച്ചതിൽ നിന്ന് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, ഒരു ചെക്ക് ഡാം അവിടെ അടിയന്തിരമായി ഉണ്ടായാൽ വകടര മുനിസിപ്പാലിറ്റിയെ സംബന്ധിച്ചുള്ള പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ സാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, വടകര മുനിസിപ്പാലിറ്റിയിൽ വിതരണം ചെയ്യുന്ന ശുദ്ധജലം, കുറ്റ്യാടിപ്പുഴയിൽ കുരങ്ങോട് കടവിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിൽ നിന്ന് പമ്പ് ചെയ്ത് ശുദ്ധീകരിച്ച ശേഷമാണ് വിതരണം ചെയ്യുന്നത്. വേനൽക്കാലങ്ങളിൽ പുഴയിൽ ഒഴുക്ക് കുറയുമ്പോൾ വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറുന്നത് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പതിവായിട്ടുണ്ട്. പെരിവണ്ണാമുഴി ഡാം തുറന്നുവിട്ട് മിനിമം ഒഴുക്ക് ഉറപ്പുവരുത്തിയാണ് പ്രശ്നം പരിഹരിച്ചുവരുന്ന

ത്. ഉപ്പിന്റെ അംശം ക്രമാതീതമായി വർദ്ധിക്കുന്ന അവസരങ്ങളിൽ പമ്പിംഗ് നിർത്തിവെയ്ക്കുന്നതിനാൽ ജലവിതരണം ഭാഗീകമായി നിർത്തിവെയ്ക്കേണ്ടിവരാറുണ്ട്. ഉപ്പുവെള്ളം കയറുന്നത് ശാശ്വതമായി തടയുന്നതിന് സ്ഥിരം തടയണ നിർമ്മിക്കുന്ന കാര്യം അടിയന്തിരമായി പരിശോധിക്കുന്നതാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകൾക്കും അക്വഡക്ടുകൾക്കും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 84.31 കോടി രൂപയുടെ പ്രൊപ്പോസൽ CWC-ടെ അനുമതിയോടെ കേന്ദ്ര ജല മന്ത്രാലയത്തിന് അയയ്ക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട മന്ത്രി അതിന്റെ ഗൗരവത്തിൽ വിലയിരുത്തിയതിന് ഞാൻ അങ്ങേയറ്റം സന്തോഷിക്കുന്നു. പക്ഷെ എന്റെ അഭ്യർത്ഥന ഈ ഫണ്ടൊക്കെ വരുന്നതിന് മുമ്പ് അടിയന്തരമായി അക്വഡക്ടുളുടെ സംരക്ഷിക്കന്നതിനുള്ള നടപടി ഉണ്ടാകണം. ഞാൻ അവിടെ സന്ദർശിച്ച് അതിന്റെ അപകടങ്ങളൊക്കെ മനസ്സിലാക്കിയതുകൊണ്ടാണ് പറയുന്നത്. എം.എൽ.എ. ഫണ്ട് കൊടുത്താലോ, അല്ലെങ്കിൽ നമ്മുടെ ആസ്തിവികസന ഫണ്ട് കൊടുത്താലോ അങ്ങനെയൊന്നും പരിഹരിക്കാൻ സാധിക്കില്ല. ഇത് ഗവൺമെന്റ് തന്നെ അതിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശങ്ങൾ നൽകി നിലവിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിലുള്ള ഫണ്ടിൽ ഏതെങ്കിലും ഉപയോഗപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കണം. അതിന് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഇത് വളരെയേറെ ചിലവ് വരുന്ന ഒരു പരിപാടിയാണ്. അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി. അത് തയ്യാറാക്കിയപ്പോൾ 84.31 കോടി രൂപ അതിന് വേണ്ടിവരും. അതുകൊണ്ട് സെൻട്രൽ വാട്ടർ കമ്മീഷന് ഇത് പ്രത്യേകമായി എടുത്ത് അയക്കുന്നതാണ്.

(സബ്മിഷൻസ്)